**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4843** **20-03-2025 - ൽ മറുപടിയ്ക്ക്**

**മലയോര പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലയോര മേഖലയുടെയും വിനോദസഞ്ചാര മേഖലയുടെയും വികസനത്തിൽ നിർണായക പ്രാധാന്യമുള്ള മലയോര പാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ആകെ 1167 കിലോമീറ്റർ നീളത്തിലുള്ള മലയോരഹൈവേയുടെ 793.68 കിലോമീറ്റർ ഭാഗമാണ് കിഫ്ബി ഫണ്ടിംഗ് വിനിയോഗിച്ച് കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി അഭിവൃദ്ധിപ്പെടുത്തുന്നത്. കിഫ്ബി ഫണ്ടിംഗ് വിനിയോഗിച്ച് നിർമ്മിക്കുന്ന ഭൂരിഭാഗം റീച്ചുകൾക്കും ഇതിനകം ധനാനുമതി നൽകിക്കഴിഞ്ഞു. നിലവിൽ പ്രസ്തുത പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്തെ ഇതര റോഡുകളിൽ നിന്ന് വ്യത്യസ്തമായ രീതിയിലുള്ള രൂപകൽപ്പന മലയോര പാതയുടെ നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മലയോര ഹൈവേയുടെ നിർമ്മാണത്തിനായി കിഫ്ബി മാനദണ്ഡ പ്രകാരം 7 മീറ്റർ കാര്യേജ് വേ, ഇരുവശത്തും 1 മീറ്റർ Paved Shoulder, ആവശ്യാനുസരണം ഇരുവശത്തും 1.5 മീറ്റർ ഫുട്ട്പാത്ത് കം ഡ്രെയിൻ ഉൾപ്പെടെ 12 മീറ്റർ Right of Way ആണ് നിഷ്കർഷിക്കുന്നത്. മലയോരഹൈവെയുടെ അലൈൻമെന്റിൽ ഉൾപ്പെട്ട് വരുന്ന പാലങ്ങൾക്ക് 9 മീറ്റർ ക്യാരേജ് വേ, ഇരുവശത്തും 1 മീറ്റർ Paved Shoulder, ഇരുവശത്തും ആവശ്യാനുസരണം 1.5 മീറ്റർ ഫുട്ട്പാത്ത് കം യൂട്ടിലിറ്റി സ്പേസ് ഉൾപ്പെടെ 12.5 മീറ്റർ വീതിയും ആണ് നിഷ്കർഷിച്ചിരിക്കുന്നത്.<br><br>12 മീറ്റർ വീതിയിൽ ഡി .ബി. എം & ബി. സി നിലവാരത്തിൽ എല്ലാ കാലാവസ്ഥക്കും അനുയോജ്യമായിട്ടാണ് മലയോര ഹൈവേ പദ്ധതി നടപ്പിലാക്കി വരുന്നത്. മഴവെള്ളം ഒഴുകുന്നതിന് ഉചിതമായി റോഡിന്റെ രൂപകല്പനയുടെ സമയത്ത് തന്നെ ആവശ്യമായ Camber നൽകുകയും, Side Drains, culverts ഉപയോഗിച്ച് വെള്ളം ഒഴുക്കാൻ വേണ്ടി സംവിധാനം ഏർപ്പെടുത്തിയുമാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. ആവശ്യമായ |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിൽ റോഡിന്റെ ഇരുവശത്തും ഫുട്പാത്തുകൾ ഉൾപ്പെടുത്തി രൂപകൽപന ചെയ്തിരിക്കുന്നതിനാൽ യാത്രക്കാർക്ക് നടക്കുവാൻ സുരക്ഷിതമായ ഇടം ഉറപ്പാക്കിയിട്ടുണ്ട്. റോഡ് സേഫ്റ്റി ഐറ്റംസ് ഉൾപ്പെടുത്തി റോഡിന്റെ സുരക്ഷയും ഉറപ്പാക്കിയിട്ടുണ്ട്. പൈപ്പ് ലൈനുകൾ, KSEB യൂട്ടിലിറ്റികൾ എന്നിവ റോഡിൽ നിന്നും മാറ്റി സ്ഥാപിക്കുന്നുണ്ട്. മഴവെള്ളം വേഗത്തിൽ ഒഴുക്കുന്നതിനായി, Irish Drain, സൈഡ് ഡ്രെയിനുകൾ (Side Drains) ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ താഴ്ന്ന പ്രദേശങ്ങൾ മാത്രമല്ല, ഉയർന്ന പ്രദേശങ്ങളിൽ നിന്നുമുള്ള വെള്ളവും എളുപ്പത്തിൽ ഒഴുക്കുന്നതിന് സഹായകമാവും. ഇത് കൂടാതെ പുതിയ റോഡ് മാർക്കിങ്ങുകളും പാതസൂചനങ്ങൾ, ബാരിയറുകൾ, ഉയർന്ന ഗുണമേന്മയുള്ള ചിഹ്നങ്ങൾ, റോഡ് സങ്കലനവും സുരക്ഷയും ഉറപ്പാക്കും. IRC, കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ശ്രേഷ്ഠമായ ഗുണനിലവാരത്തിലാണ് മലയോര ഹൈവേ നിർമ്മാണം നടത്തി വരുന്നത്. സംവേദനാത്മകമായ ഗുണ നിലവാര പരിശോധന നടത്തി, സുരക്ഷിതവും ദീർഘകാലമായും എല്ലാ കാലാവസ്ഥക്കും അനുയോജ്യമായ ഹൈവേ ആണ് രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നത്. |
| (സി) | മലയോര പാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്നത്തിന് പ്രത്യേകം ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തിന്റെ മുൻഗണനാ പദ്ധതിയായി കണക്കാക്കി മലയോര ഹൈവേയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് കൃത്യമായ ഇടവേളകളിൽ കിഫ്ബി അവലോകന യോഗങ്ങൾ നടത്താറുണ്ട്. മുഖ്യമന്ത്രി നേരിട്ട് മലയോര ഹൈവേ പദ്ധതിയുടെ അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് മന്ത്രി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി എന്നിവരും നിരന്തരമായി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി അവലോകന യോഗങ്ങൾ നടത്തി വരുന്നു. ഇത് കൂടാതെ കെ.ആർ.എഫ്.ബി – പി.എം.യു പ്രൊജക്റ്റ് ഡയറക്ടർ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും കിഫ്ബി എഞ്ചിനീയർമാരെയും കരാറുകാരെയും ഉൾപ്പെടുത്തി ദൈവാര അവലോകനയോഗവും നടത്തി വരുന്നു. നിയോജക മണ്ഡല അടിസ്ഥാനത്തിൽ നടക്കുന്ന CMT യോഗത്തിലും കളക്ടർമാരുടെ അധ്യക്ഷതയിൽ എല്ലാ മാസവും ചേരുന്ന DICC മീറ്റിംഗുകളിലും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മലയോരപാത സംസ്ഥാനത്തിന്റെ വ്യാവസായിക സാമ്പത്തിക മേഖലകളിൽ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി വിശദമാക്കുമോ? | (ഡി) | മലയോരഹൈവേ പൂർത്തിയാകുന്നതോടുകൂടി മലയോര മേഖലകളിലേക്കുള്ള ഗതാഗത സംവിധാനം അതിവേഗത്തിലാകും. ഒറ്റപ്പെട്ട് കിടക്കുന്ന മലയോര മേഖലകളുടെ സമഗ്രവികസനം ഇതോടെ സാധ്യമാകും. മലയോര ഹൈവേയുടെ വികസനം മലയോര മേഖലയിലേക്ക് മെച്ചപ്പെട്ട കണക്റ്റിവിറ്റി പ്രദാനം ചെയ്യുകയും മേഖലയിൽ നിന്നുള്ള കാർഷികോത്പന്നങ്ങൾ ഉൾപ്പെടെയുള്ള ചരക്ക് ഗതാഗതം സുഗമമാക്കുന്നതിനും അത് വഴി മലയോര ഹൈവേയുടെ സുസ്ഥിര സാമൂഹിക, സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്നതിനും സഹായിക്കും. മെച്ചപ്പെട്ട റോഡ് ഇൻഫ്രാസ്ട്രക്ചർ മലയോര മേഖലയിലേക്ക് കൂടുതൽ ബിസിനസ്സുകളെ ആകർഷിക്കുകയും ഡെവലപ്പർമാർക്ക് പ്രദേശം കൂടുതൽ ആകർഷകമാവുകയും ചെയ്യുന്നു. പ്രദേശവാസികൾക്കും ഭൂവുടമകൾക്കും റിയൽ എസ്റ്റേറ്റ് നിക്ഷേപങ്ങളിൽ ഉയർന്ന വരുമാനം നൽകുന്ന റെസിഡൻഷ്യൽ, വാണിജ്യ ആവശ്യങ്ങൾക്ക് പ്രദേശം കൂടുതൽ അനുയോജ്യമായിത്തീരുകയും, പുതിയ തൊഴിലവസരങ്ങൾ, വാണിജ്യ വസ്തുക്കളുടെ വർദ്ധിച്ച ആവശ്യകത, വാടകയിനത്തിലുള്ള വരുമാനം എന്നിവയിൽ നിന്നും തദ്ദേശവാസികൾക്ക് പ്രയോജനം ലഭിക്കുന്നതിനും ഇടയാക്കും. |

സെക്ഷൻ ഓഫീസർ